# NATIONAL BULLETIN

**DATE: 25.01.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാജ്യത്തെ അഭിസംബോധന ചെയ്യും.

   President Droupadi Murmu will address the nation today on the eve of Republic Day.

2. റിപ്പബ്ലിക് ദിനാഘോഷത്തിലെ മുഖ്യാതിഥി ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോയ്ക്ക് ഇന്ന് രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം; പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ചർച്ച നടത്തും.

   Indonesian President Prabowo Subianto, the chief guest at the Republic Day celebrations, will be given a ceremonial welcome at the Rashtrapati Bhavan today; he will hold talks with Prime Minister Narendra Modi.

3. രാജ്യം ഇന്ന് ദേശീയ സമ്മതിദായക ദിനം ആഘോഷിക്കുന്നു. സംസ്ഥാനതല ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ തിരുവനന്തപുരത്ത് നിർവ്വഹിക്കും.

   The 15th National Voters' Day is being celebrated across the country today. The state-level inauguration will be performed by Governor Rajendra Vishwanath Arlekar in Thiruvananthapuram.

4. ഗാസ വെടിനിർത്തൽ കരാറിന്റെ ഭാഗമായി രണ്ടാം ഘട്ട ബന്ദി കൈമാറ്റം ഇന്ന്. നാല് ഇസ്രായേലി വനിതകളെ കൈമാറുമെന്ന് ഹമാസ്.

**The second round of hostage transfers as part of the Gaza ceasefire agreement will take place today.**

5. വയനാട് പഞ്ചാരക്കൊല്ലിയിൽ സ്ത്രീയെ കൊന്ന കടുവയെ വെടിവെച്ചു കൊല്ലാൻ ഉത്തരവ്. കടുവയ്ക്കായി തെരച്ചിൽ.

   **Chief Wildlife Warden has issued an order to shoot and kill the tiger that killed a woman in Pancharakolly in Wayanad.**

6. ഇംഗ്ലണ്ടിനെതിരായ രണ്ടാം പുരുഷ ട്വന്റി-20 ക്രിക്കറ്റ് മത്സരം ഇന്ന് ചെന്നൈയിൽ.

   **In Men's Cricket, India will take on England in second T20 International at the M A Chidambaram Stadium in Chennai today.**

&&&&&&&&&&&&&&&&&&

**HEADLINE-1**

# PREZ ADDRESS

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാജ്യത്തെ അഭിസംബോധന ചെയ്യും. രാത്രി 7 മണി മുതൽ ആകാശവാണിയുടെ എല്ലാ നിലയങ്ങളും ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലും ഇത് പ്രക്ഷേപണം ചെയ്യും. ദൂരദർശന്റെ എല്ലാ ചാനലുകളിലും ഹിന്ദിയിലും ഇംഗ്ലീഷിലും സംപ്രേക്ഷണമുണ്ടാകും. ദൂരദർശന്റെ പ്രാദേശിക ചാനലുകളിൽ അതത് പ്രാദേശിക ഭാഷകളിലും സംപ്രേക്ഷണമുണ്ടാകും. ആകാശവാണിയുടെ പ്രാദേശിക ശൃംഖലകളിലും രാത്രി 9.30 മുതൽ പ്രാദേശിക ഭാഷാ പതിപ്പുകൾ പ്രക്ഷേപണം ചെയ്യും.

**********************************

**HEADLINE-2**

# INDIA-INDONESIA TALKS

നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. പ്രാദേശിക, ആഗോള വിഷയങ്ങളിൽ

ഇരുനേതാക്കളും ഉഭയകക്ഷി ചർച്ച നടത്തും. ഇരു രാജ്യവും നിരവധി കരാറുകളിലും ഒപ്പുവെക്കും. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ എന്നിവരുമായി ഇന്തോനേഷ്യൻ പ്രസിഡന്റ് കൂടിക്കാഴ്ച നടത്തും. ഇന്ന് രാവിലെ രാഷ്ട്രപതി ഭവനിൽ ഇന്തോനേഷ്യൻ പ്രസിഡന്റിന് ആചാരപരമായ സ്വീകരണം നൽകും. രാജ്ഘട്ടിലെ മഹാത്മാഗാന്ധിയുടെ സമാധിയിൽ അദ്ദേഹം ആദരാഞ്ജലികൾ അർപ്പിക്കും. നാളെ കർത്തവ്യപഥിൽ നടക്കുന്ന 76-ാമത് റിപ്പബ്ലിക് ദിനാഘോഷത്തിൽ ഇന്തോനേഷ്യൻ പ്രസിഡന്റ് മുഖ്യാതിഥിയായി പങ്കെടുക്കും.

*********************************

## PM NCC CADETS

ഉത്തരവാദിത്തമുള്ള പൗരന്മാരെന്ന നിലയിൽ കടമകൾ നിറവേറ്റുന്നത് വികിസിത് ഭാരതം കൈവരിക്കുന്നതിൽ പ്രധാനമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. റിപ്പബ്ലിക് ദിന ആഘോഷങ്ങളുടെ ഭാഗമായി എൻസിസി, എൻഎസ്എസ്, കേഡറ്റുകളുമായി സംവദിക്കുകയായിരുന്നു പ്രധാനമന്ത്രി. യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം കേഡറ്റുകൾ, ടാബ്ലോ കലാകാരന്മാർ, ഗോത്രവിഭാഗ പ്രതിനിധികൾ എന്നിവരുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. കൂട്ടായ പരിശ്രമത്തിലൂടെ രാഷ്ട്രത്തെ ശക്തിപ്പെടുത്തുന്നതിന് ഐക്യത്തോടെയും പ്രതിജ്ഞാബദ്ധമായും തുടരാൻ പ്രധാനമന്ത്രി എല്ലാവരോടും അഭ്യർത്ഥിച്ചു.

*********************************

HEADLINE-3

## NATIONAL VOTERS DAY

രാജ്യം ഇന്ന് പതിനഞ്ചാമത് ദേശീയ സമ്മതിദായക ദിനം ആഘോഷിക്കുന്നു. ദിനാഘോഷത്തിന്റെ ഭാഗമായി ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി ദ്രൗപദി

മുർമു പങ്കെടുക്കും. കേന്ദ്രമന്ത്രി അർജുൻ റാം മേഘ് വാൾ, മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ തുടങ്ങിയവർ പങ്കെടുക്കും. തിരഞ്ഞെടുപ്പ് പ്രക്രിയ സുഗമമാക്കുന്നതിന് സംസ്ഥാന-ജില്ല തലങ്ങളിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതി പുരസ്കാരങ്ങൾ സമ്മാനിക്കും. 'വോട്ടിംഗ് പോലെ ഒന്നുമില്ല, ഞാൻ തീർച്ചയായും വോട്ട് ചെയ്യും' എന്നതാണ് ഈ വർഷത്തെ ദിനാചരണത്തിന്റെ പ്രമേയം. ഓരോ വോട്ടിന്റെയും പ്രാധാന്യം ജനങ്ങളിൽ എത്തിക്കാനാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകൃതമായ ജനുവരി 25 സമ്മതിദായക ദിനമായി ആചരിക്കുന്നത്.

**********************************

## RAJEEV KUMAR (INTRO)

ദേശീയ സമ്മതിദായകദിനം ജനാധിപത്യത്തിന്റെ ആത്മാവിനെ ബഹുമാനിക്കാനുള്ള അവസരം കൂടിയാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ പറഞ്ഞു. തിരഞ്ഞെടുപ്പ് കമ്മീഷൻ 75 വർഷം പൂർത്തിയാക്കുന്ന ഘട്ടത്തിൽ, ഈ വർഷത്തെ ദേശീയ സമ്മതിദായക ദിനം സവിശേഷമാണെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

**********************************

HEADLINE-3a

## GOVERNOR - KERALA

ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ തിരുവനന്തപുരം കനകക്കുന്നിൽ നിർവഹിക്കും. ചരിത്രപ്രാധാന്യമുള്ള ഫോട്ടോകളുടെ പ്രദർശനവും ഗവർണർ ഉദ്ഘാടനം ചെയ്യും. ദിനാഘോഷങ്ങളുടെ ഭാഗമായി സംസ്ഥാന,

ജില്ല, താലൂക്ക് തലങ്ങളിൽ പൊതുപരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

*********************************

## AMIT SHAH

ദേശീയ നഗര സഹകരണ ധനകാര്യ വികസന കോർപ്പറേഷൻ ഓഫീസ് കേന്ദ്ര മന്ത്രി അമിത് ഷാ മുംബൈയിൽ വിർച്വലായി ഉദ്ഘാടനം ചെയ്തു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സഹകാർ കെ സമൃദ്ധി എന്ന കാഴ്ചപ്പാടിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾക്ക് തുടക്കം കുറിച്ചു.

(വോയ്സ്)

*********************************

## AKASHVANI POETRY (FOR BULLETINS/AAJ SAVERE)

റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി, ആകാശവാണി സംഘടിപ്പിക്കുന്ന ദേശീയ കവി സമ്മേളനം ഇന്ന്. രാത്രി 10 മണിക്ക് ആകാശവാണിയുടെ എല്ലാ നിലയങ്ങളും പരിപാടി പ്രക്ഷേപണം ചെയ്യും. രാജ്യത്തെ നാനൂറോളം കവികൾ പരിപാടിയുടെ ഭാഗമാകും.

*********************************

## VAISHNAW-DAVOS

വിശ്വാസവും കഴിവുമാണ് ലോകത്തെ ഇന്ത്യയിലേക്ക് ആകർഷിക്കുന്ന രണ്ട് പ്രധാന ഘടകങ്ങളെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. സ്വിറ്റ്സർലൻഡിലെ ദാവോസിൽ ലോകസാമ്പത്തിക ഫോറത്തിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

*********************************

## MEA BRIEFING

അനധികൃത കുടിയേറ്റത്തെ ഇന്ത്യ പിന്തുണയ്ക്കില്ലെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മറ്റ് രാജ്യങ്ങളിൽ അനധികൃതമായി കഴിയുന്ന ഇന്ത്യൻ പൗരൻമാരെ രേഖകൾ പരിശോധിച്ച് തിരികെ എത്തിക്കാൻ തയ്യാറാണെന്നും ശ്രീ രൺധീർ ജയ്സ്വാൾ വ്യക്തമാക്കി.

*********************************

## PALAKKAD-ELEPHANT

പാലക്കാട് വാളയാറിൽ കാട്ടാനയുടെ ആക്രമണത്തിൽ കർഷകന് പരിക്കേറ്റു. ഇന്ന് പുലർച്ചെ കൃഷിസ്ഥലത്ത് ഇറങ്ങിയ കാട്ടാനയെ തുരത്താനുള്ള ശ്രമത്തിനിടയിലാണ് വാളയാർ സ്വദേശി വിജയനെ കാട്ടന ആക്രമിച്ചത്. വിജയനെ തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

*********************************

**HEADLINE-5**

## WAYANAD-TIGER (INTRO)

വയനാട് മാനന്തവാടിയിലെ പഞ്ചാരകൊല്ലിയിൽ സ്ത്രീയെ കടിച്ചുകൊന്ന കടുവയെ വെടിവെച്ചുകൊല്ലാൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവിട്ടു. കടവയ്ക്കായുള്ള തെരച്ചിൽ ഇന്നാരംഭിക്കും. 200-ലധികം വരുന്ന വനപാലകർ പങ്കെടുക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്**

(വോയിസ്)

*********************************

HEADLINE-4

## ISRAEL-HAMAS EXCHANGE

ഇസ്രയേൽ- പലസ്തീൻ ഗാസ വെടിനിർത്തൽ കരാറിന്റെ ഭാഗമായി ഇന്ന് മോചിപ്പിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്ന നാല് ഇസ്രായേലി വനിതകളുടെ പേരുകൾ ഹമാസ് പുറത്തുവിട്ടു. ഇവരെ പുറത്തുവിടുന്നതിന് പകരം ഇസ്രായേൽ 180 പലസ്തീൻ തടവുകാരെ മോചിപ്പിക്കും. കഴിഞ്ഞ ഞായറാഴ്ച വെടിനിർത്തൽ നിലവിൽ വന്നതിന് ശേഷമുള്ള രണ്ടാമത്തെ ബന്ദി കൈമാറ്റമാണിത്.

*********************************

HEADLINE-6

## CRICKET-IND VS ENG

ഇംഗ്ലണ്ടിനെതിരായ ട്വന്റി-ട്വന്റി പുരുഷ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന് ഇന്ത്യ ഇന്നിറങ്ങും. ചെന്നൈയിലെ എംഎ ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് 7 മണിമുതലാണ് മത്സരം. അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം ആദ്യകളി ജയിച്ച് മുന്നിലാണ്.

*********************************

## AUSTRALIAN OPEN

ഓസ്ട്രേലിയൻ ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസ് ഫൈനലിൽ ബെലാറസ് താരവും നിലവിലെ ചാമ്പ്യനുമായ ആര്യന സബലെങ്ക അമേരിക്കയുടെ മാഡിസൺ കീസുമായി ഇന്ന് ഏറ്റുമുട്ടും. നാളെ നടക്കുന്ന പുരുഷ സിംഗിൾസ് ഫൈനൽ പോരാട്ടത്തിൽ ഇറ്റലിയുടെ ജാനിക് സിന്നർ, ജർമൻതാരം അലക്സാണ്ടർ സ്വരേവിനെ നേരിടും.

*********************************

## ISL

ഐഎസ്എൽ ഫുട്ബോളിൽ, ഈസ്റ്റ് ബംഗാളിനോട് കേരള ബ്ലാസ്റ്റേഴ്സിന് തോൽവി. സ്കോർ 2-1. നിലവിൽ ബ്ലാസ്റ്റേഴ്സ് എട്ടാം സ്ഥാനത്തും ഈസ്റ്റ് ബംഗാൾ 11-ാം സ്ഥാനത്തുമാണ്. ഈമാസം 30-നു ചെന്നൈയിൻ എഫ് സിയ്ക്കെതിരെയാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത മത്സരം.

**********************************

## CHESS

മലേഷ്യയിൽ നടന്ന 9-ാമത് ജോഹർ ഇന്റർനാഷണൽ ഓപ്പൺ ചെസ് ടൂർണമെന്റിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ഇനിയൻ പനീർസെൽവം കിരീടം ചൂടി. ടൂർണമെന്റിന്റെ ഒമ്പത് റൗണ്ടുകളിലായി 8.5 പോയിന്റാണ് തമിഴ്നാട്ടിൽ നിന്നുള്ള 22 കാരനായ ഗ്രാൻഡ് മാസ്റ്റർ നേടിയത്.

**********************************

## TATA CHESS

നെതർലൻഡ്സിൽ നടക്കുന്ന ടാറ്റ സ്റ്റീൽ ചെസ് ടൂർണമെന്റിൽ ആറു റൗണ്ട് പൂർത്തിയായപ്പോൾ ഉസ്ബെക്കിസ്ഥാന്റെ നോദിർബെക്ക് അബ്ദുസത്തോറോവ് മുന്നിൽ. ഇന്ത്യയുടെ ആർ പ്രഗ്നാനന്ദ രണ്ടാം സ്ഥാനത്തും ഡി ഗുകേഷ് മൂന്നാം സ്ഥാനത്തുമുണ്ട്.

**********************************

## I LEAGUE

ഐ ലീഗ് ഫുട്ബോളിൽ ഗോകുലം കേരള എഫ് സിയ്ക്ക് വിജയം. ഇന്നലെ കോഴിക്കോട് നടന്ന മത്സരത്തിൽ ഇന്റർ കാശി എഫ് സിയെ രണ്ടിനെതിരെ ആറ് ഗോളുകൾക്കാണ്

പരാജയപ്പെടുത്തിയത്. എഫ് സി ബംഗളൂരുവുമായി ഈ മാസം 29 നാണ് ഗോകുലത്തിന്റെ അടുത്ത മത്സരം.

*********************************

## THALASSERY - CM INAUGURATION

തലശ്ശേരിയിലെ ജില്ലകോടതിക്കായി നിർമ്മിച്ച കെട്ടിട സമുച്ചയവും തലശ്ശേരി മലബാർ കാൻസർ സെൻററിലെ പ്രത്യേക ബ്ലോക്കും ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തലശേരി ജില്ലാ കോടതിക്കായി നിർമ്മിച്ച പുതിയ കെട്ടിട സമുച്ചയം കിഫ്ബി ഫണ്ടിൽ നിന്ന് 56 കോടി രൂപ ചെലവഴിച്ചാണ് പണിതത്.

*********************************

## ED RAID

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് മുംബൈയിലും ജയ്പൂരിലുമായി 13 സ്ഥലങ്ങളിൽ റെയ്ഡ് നടത്തി. ഓഹരിവിപണിയിലെ വഞ്ചാനപരമായ നിക്ഷേപ പദ്ധതികളുമായി ബന്ധപ്പെട്ടാണ് റെയ്ഡ് നടത്തിയത്. ആഭരണങ്ങളിലും രത്നക്കല്ലുകളിലും നിക്ഷേപിച്ചാൽ വൻ ലാഭം ലഭിക്കുമെന്ന് വാഗ്ദാനം നൽകി നിക്ഷേപകരെ കബളിപ്പിച്ചെന്നാണ് കേസ്.

*********************************

## MAHAKUMBH-DRONE SHOW

ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ നടക്കുന്ന മഹാകുംഭമേളയോടനുബന്ധിച്ചു മഹാകുംഭ് നഗറിലെ സെക്ടർ-7 ൽ മൂന്ന് ദിവസത്തെ ഡ്രോൺ ഷോ ആരംഭിച്ചു. നൂറുകണക്കിന് ഡ്രോണുകൾ പരിപാടിയുടെ ഭാഗമായി.

*

******************

***********************************************